167(195) ഹോമിയോ മെഡിക്കൽ കോളേജ് ജീവനക്കാർക്ക് ശമ്പളം ലഭ്യമാക്കാൻ നടപടി

ശ്രീ. ടി.കെ.ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ :

(എ) സർക്കാരിന്റെ ഡയറക്ട് പെയ്മെന്റിലേയ്ക്ക് പുതുതായി ഉൾപ്പെടുത്തിയ ഡോ. പടിയാർ മെമ്മോറിയൽ ഹോമിയോ മെഡിക്കൽ കോളേജിലെ ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) എങ്കിൽ സാങ്കേതിക തടസ്സം നീക്കി ജീവനക്കാർക്ക് ശമ്പളം ലഭ്യമാക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

168(196) കൈതേടാലം ആയുർവേദ ആശുപത്രിയിൽ പുതിയ വാർഡ് അനുവദിക്കണമെന്ന ആവശ്യം

ശ്രീ. ഉമ്മൻ ചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ :

(എ) പുതുപ്പള്ളി പഞ്ചായത്തിലെ കൈതേടാലം ആയുർവേദ ആശുപത്രിയിൽ പുതിയ വാർഡ് അനുവദിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിലേയ്ക്ക് കിടക്കകൾ അനുവദിക്കുവാനും പുതിയതായി ഡോക്ടറെ നിയോഗിക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ,ബി) പരിഗണനയിൽ ഇല്ല.

169(197) കണ്ണൂർ ജില്ലാ ഹോമിയോ ഓഫീസിലെ ഒഴിവുകൾ നികത്താൻ നടപടി

ശ്രീ.കെ.സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ :

(എ) കണ്ണൂർ ജില്ലാ ഹോമിയോ ഓഫീസിൽ അനുവദിച്ച ജീവനക്കാരുടെ എണ്ണം എത്ര; നിലവിൽ ഇവിടെ എത്ര ജീവനക്കാർ ഉണ്ട്; അവർ ഏതെല്ലാം തസ്തികകളിൽ ജോലി നോക്കുന്നു;

(ബി) ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്; ഒഴിവുള്ള തസ്തികകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly